"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ജയിലാസ്ഥാനകാര്യാലയം
പൂജപ്പുര, തിരുവനന്തപുരം - 12
Phone: 0471-2342532
Mail: keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/1189/2025-E1; തീയതി: 26-05-2025**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 13.01.2025 തീയതിയിലെ റൂൾസ്-2/95/2024-ഉ.ഭ.പ.വ നമ്പർ സർക്കുലർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha V S

PA TO DGP&CS

സ്വീകർത്താവ്: ജോയിന്റ് സൂപ്രണ്ട്
ടെക്നിക്കൽ സെൽ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. റൂൾസ്-2/95/2024-ഉ.ഭ.പ.വ.
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര
(റൂൾസ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-01-2025

## സർക്കുലർ

വിഷയം:- ഉ.ഭ.പ.വ. - പി.എസ്.സി നിയമനങ്ങൾക്ക് ബാധകമാകുന്ന യോഗ്യത/ സമാന യോഗ്യത എന്നിവ സംബന്ധിച്ച പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നത് - സംബന്ധിച്ച്

സൂചന:- 10.10.2014-ലെ 9481/ആർ1/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ

E1
3/1/25

**********************

നിലവിൽ പി.എസ്.സി. മുഖേന തിരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകൾക്കായി അതത് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ/നിയമന ചട്ടങ്ങൾ/എക്സിക്യൂട്ടീവ് ഉത്തരവ് അനുസരിച്ചുള്ള യോഗ്യതകളാണ് പി.എസ്.സി. പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ നിശ്ചിത യോഗ്യതയായി ഉൾപ്പെടുത്തുന്നത്. പ്രസ്തുത യോഗ്യതകളോടൊപ്പം KS&SSR-ലെ Rule 10(a)(ii) പ്രകാരം സ്വീകാര്യമായ തത്തുല്യ/ഉയർന്ന യോഗ്യതകളും കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഈ യോഗ്യതകൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതും ഇപ്രകാരം യോഗ്യതകൾ നിശ്ചയിക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ ഇല്ലാത്തതും പലപ്പോഴും തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടയാക്കുന്നുമുണ്ട്.

2. ഏതെങ്കിലും ഒരു യോഗ്യത മറ്റൊന്നിന് തുല്യമോ ഉയർന്നതോ ആണെന്നു കാണുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിനോടും,

പി.എസ്.സി യോടും കൂടിയാലോചിച്ചുകൊണ്ട് വിശേഷാൽ ചട്ടങ്ങളിൽ കാലാകാലങ്ങളിൽ മാറ്റം വരുത്താവുന്നതാണെന്ന് നിർദ്ദേശം സൂചന പ്രകാരം നിലവിലുണ്ട്. എന്നാൽ അപ്രകാരം യോഗ്യത നിശ്ചയിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം കൂടി ലഭ്യമാക്കുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു. പൊതു തസ്തികകളിൽ നിയമനത്തിനുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതാവും ഉചിതമെന്നും കാണുന്നു.

3. മേൽ വിവരിച്ച സാഹചര്യത്തിൽ, ഒരു യോഗ്യത മറ്റൊന്നിന് തുല്യമാണെന്നോ അതിനേക്കാൾ ഉയർന്നതാണെന്നോ നിശ്ചയിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

I. ഒരു വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുന്ന തസ്തികകളുടെ യോഗ്യതകളുടെ കാര്യത്തിൽ ഒരു യോഗ്യത മറ്റൊന്നിന് തുല്യമോ ഉയർന്നതോ എന്ന് നിശ്ചയിച്ചുകൊണ്ട് അതാത് ഭരണ വകുപ്പുകൾക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ഭരണ വകുപ്പുകൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെയും, പി.എസ്.സി.-യുടെയും അഭിപ്രായം തേടേണ്ടതാണ്.

II. പൊതു തസ്തികകളുടെ യോഗ്യതകളുടെ കാര്യത്തിൽ ഒന്ന് മറ്റേതിന് സമാനമെന്നോ ഉയർന്നതാണെന്നോ സംബന്ധിച്ച ഉത്തരവുകൾ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പാണ് പുറപ്പെടുവിക്കേണ്ടത്.

(i) വിവിധ വകുപ്പുകളുടെ കീഴിലോ, വകുപ്പുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളോ/ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളോ നടത്തിവരുന്ന കോഴ്സുകൾ പി.എസ്.സി നിയമനങ്ങൾക്കുള്ള യോഗ്യതയായി പരിഗണിക്കേണ്ടതുണ്ടെങ്കിൽ അതാത് ഭരണ വകുപ്പുകൾ ടി യോഗ്യത മറ്റേതിന് സമാനമാണോ ഉയർന്നതാണോ എന്ന് പരിശോധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം

ലഭ്യമാക്കി വ്യക്തമായ ശിപാർശ സഹിതം ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന് നൽകേണ്ടതാണ്.

(ii) ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് പി.എസ്.സി.-യുമായി കൂടിയാലോചിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ലീന എ
ജോയിന്റ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുമേധാവികൾക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ.ആർ. 13) വകുപ്പ്.
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 16-01-2025 10:35:11
സെക്ഷൻ ഓഫീസർ.